മിഷണറിഗദ്യം

ഡോ. സ്കറിയ സക്കറിയ

മിഷണറി ഗദ്യം എന്ന പേർ വിശദീകരിക്കേണ്ടതുണ്ട്. മിഷണറിമാർ ഉപയോഗിച്ച മലയാളഗദ്യം മലയാളഗദ്യചരിത്രത്തിലെ ഒരു നിശ്ചിത കാല ഘട്ടമായിട്ടാണ് പൊതുവേ പരിഗണിക്കപ്പെടുന്നത്. എന്നാൽ പോർത്തുഗീസുകാരുടെ കാലംമുതൽ പാശ്ചാത്യമിഷണറിസമ്പർക്കംകൊണ്ട മലയാളത്തിൽ രൂപപ്പെട്ട മിഷണറിഗദ്യം വ്യത്യസ്തമുഖങ്ങളുള്ളതും വ്യത്യസ്തഘട്ടങ്ങളുള്ളതുമാണ്. മതപരമായ ലക്ഷ്യങ്ങളിൽ മിഷണറിമാർക്ക് ഐക്യമുണ്ടെങ്കിലും സംസ്കാരം, ഭാഷ, സാഹിത്യം, പൊതുവിജ്ഞാനം, സാമൂഹികാദർശം തുടങ്ങിയവയിൽ മിഷണറിമാർതമ്മിൽ കുറേ വ്യത്യാസമുണ്ടായിരുന്നു. ഇത്തരം വൈവിധ്യങ്ങൾ വിസ്മരിച്ചുകൊണ്ട് മിഷണറിഗദ്യത്തെക്കുറിച്ചു നടത്തുന്ന നിരീക്ഷണങ്ങൾ ഉപരിപ്ലവങ്ങളായിരിക്കും. മിഷണറിഗദ്യത്തിനു സാമാന്യമായി നിർദ്ദേശിക്കാവുന്ന ചില സ്വഭാവങ്ങൾ ഇവിടെ വിവരിക്കാം.

ക്രിസ്തുമത പ്രചാരണത്തിന്റെ ഭാഗമായുണ്ടായ രചനകളാണ മിഷണറി ഗദ്യകൃതികൾ. ക്രിസ്തുമതത്തിലെതന്നെ പാശ്ചാത്യ മാതൃകയാണ മിഷണറി ഗദ്യത്തിന്റെ പ്രയോക്താക്കളെ പ്രചോദിപ്പിച്ചത്. മിഷണറിമാരിൽ നാട്ടുകാരും വിദേശികളും ഉൾപ്പെടും. പുരോഹിതരിൽ നാട്ടുകാരെ കത്തനാർ എന്നും വിദേശികളെ പാതിരി എന്നും ചില ഘട്ടങ്ങളിൽ വേർതിരിച്ചു വിളിച്ചിരുന്നു. പിന്നീട് ഹെർമൻ ഗുണ്ടർട്ടിനെപ്പോലെ പുരോഹിതരല്ലാത്ത മതപ്രചാരകരും കേരളത്തിൽ പ്രവർത്തിച്ചു. അവരും മിഷണറിമാരാണ്. ക്രിസ്തുമതപ്രചാരണം എന്ന ലക്ഷ്യമാണ് മെനേസിസ്, റോസ്, പിയാനിയൂസ്, ബയിലി, ഗുണ്ടർട്ട് തുടങ്ങിയ വിദേശിയരേയും കരിയാറ്റിൽ മല്പാൻ, പാറേമ്മാക്കൽ തോമ്മാക്കത്തനാർ, ജോർജ് മാത്തൻ തുടങ്ങിയ നാട്ടുകാരേയും ഒരൊറ്റ ഗണമാക്കി മാറ്റുന്നത്. അവരുടെ ഭാഷാപരിചയവും ലോകബോധവും സാമൂഹികാനുഭവങ്ങളും ജീവിതലക്ഷ്യങ്ങളും പലതരത്തിലുള്ളവയായിരുന്നു എന്നു ഓർമ്മിക്കേണ്ടതുണ്ട്. ഗദ്യരചനയിൽ അവരെല്ലാം

പ്രയോജനപ്പെടുത്തിയത് മലയാളഭാഷയുടെ പലതരം സാദ്ധ്യതകളാണ്. വിദേശത്തുനിന്നും ഒരു ഭാഷ കേരളത്തിൽകൊണ്ടുവന്ന നട്ടുപിടിപ്പിച്ചവരല്ല മിഷണറിമാർ. അവരുടെ ലക്ഷ്യങ്ങൾക്കും ആവശ്യങ്ങൾക്കും സിദ്ധികൾക്കും അനുസൃതമായി മലയാളഭാഷ അവർ പ്രയോജനപ്പെടുത്തി. മിഷണറിഗദ്യത്തിൽ വൈദേശികച്ചുവയുണ്ട് എന്നുമാത്രം പറഞ്ഞവസാനിപ്പിക്കുന്നവർ ഏതാനും മരങ്ങൾ കണ്ടിട്ട് കാടുകാണാതെ പിൻവാങ്ങുന്നവരാണ്. ഓരോ മിഷണറി ഗദ്യകൃതിക്കും കേരളീയമായ ഭ്രമികയുണ്ട്. ഇതു വൈദേശികച്ചുവയല്ല, നാടോടിച്ചുവയാണ്. ഗ്രാമ്യം എന്നുപോലും മുദ്രകുത്താൻ കഴിയുന്ന തരത്തിലുള്ള നാടോടിച്ചുവ. ഇതു വല്ലാത്ത പോരായ്മയായിട്ടാണ് ഒരു കാലത്തു പരിഗണിക്കപ്പെട്ടിരുന്നത്. ആധുനികീകരണം വ്യത്യസ്തതകളെ വെറുക്കുകയും ഏകതാനതയെ ആദർശവത്കരിക്കുകയും ചെയ്തു. മാനകഭാഷയെക്കുറിച്ചുണ്ടായ പല സിദ്ധാന്തങ്ങളിലും ഈ പ്രവണത കാണാവുന്നതാണ്. പോസ്റ്റ് മോഡേൺ ഭാഷാദർശനം വംശീയവും പ്രാദേശികവുമായ ഭാഷാഭേദങ്ങളെ മാനിക്കുന്നു. സംവേദന സിദ്ധാന്തങ്ങൾ (communication theories) ഭാഷാഭേദങ്ങളുടെ സംവേദന ശേഷി തിരിച്ചറിയുന്നുണ്ട്. സാഹിത്യം, പത്രമാസികകൾ, റേഡിയോ, ടെലിവിഷൻ, സിനിമ തുടങ്ങിയ മാദ്ധ്യമങ്ങൾ ഭാഷണഭേദങ്ങൾ ഫലപ്രദമായി ഉപയോഗിക്കുകയും ചെയ്യുന്നു. ഇത്തരം പുത്തൻ പുതുമകളുടെ ആശയപരിസരത്തു നിന്നുകൊണ്ടുവേണം മിഷണറിഗദ്യത്തെ വിലയിരുത്താൻ. *ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകൾ* രൂപംകൊണ്ടതു പതിനാറാംനൂറ്റാണ്ടിന്റെ അന്ത്യത്തിൽ പഴയ കൊച്ചി രാജ്യത്താണ്. ആ പ്രദേശത്ത് അന്നുനിലനിന്നിരുന്ന ഗദ്യത്തിന്റെ പശ്ചാത്തലത്തിൽ വേണം കാനോനകളുടെ ഗദ്യശൈലി വിശദീകരിക്കാൻ. അതിൽത്തന്നെ മലയാളഭാഷയിലെ ജാതിഭേദമനുസരിച്ചുള്ള ഉപഭാഷകൾകൂടി പരിഗണിക്കണം. വിഷയനിഷ്ഠമായും ഭാഷയ്ക്കു ഭേദങ്ങളുണ്ട്. ചട്ടങ്ങൾ പ്രതിപാദിക്കാൻ മലയാളത്തിനുണ്ടായിരുന്ന സാദ്ധ്യതകളാണ് *ഉദയമ്പേരൂർ സൂനഹദോസിന്റെ* കാനോനകൾ പ്രകാശിപ്പിക്കുന്നത്. ഇംഗ്ലീഷിന്റെ കടന്നുകയറ്റത്തിനു മുമ്പ് ഔദ്യോഗിക വ്യവഹാരങ്ങൾക്കു മലയാളം എങ്ങനെ ഉപയോഗിച്ചിരുന്നു എന്നു മനസ്സിലാക്കാൻ *തലശ്ശേരി രേഖകൾ* വായിക്കണം. കൊച്ചിയിലും ഇത്തരമൊരു ശൈലി വികസിച്ചിരുന്നു എന്നതിനു ഗ്രന്ഥവരികൾ തെളിവുകളാണ്. ഈ വഴിക്കു പതിനാറാംനൂറ്റാണ്ടിൽ മലയാളത്തിനുണ്ടായിരുന്ന വളർച്ചയാണ് *ഉദയമ്പേരൂർ സൂനഹദോസിന്റെ* കാനോനകളിൽ കാണുന്നത്. രണ്ടു നൂറ്റാണ്ടുകൾകൂടി കഴിഞ്ഞപ്പോൾ തലശ്ശേരി രേഖകളിൽ കാണുന്നതുപോലെയുള്ള ഔദ്യോഗിക ഭാഷാശൈലി വികസിച്ചു. ഇത്തരം അനുക്രമണികകളിൽ പ്രാദേശികവും വംശീയവുമായ വ്യത്യാസങ്ങൾകൂടി പരിഗണിക്കണം. പാറേമ്മാക്കൽ തോമ്മാക്കത്തനാർ പാലാ രാമപുരം പ്രദേശത്തെ മലയാളഭാഷയുടെ സവിശേഷതകളുള്ള ഗദ്യമാണ് *വർത്തമാനപ്പുസ്തകം*

എന്ന യാത്രാവിവരണത്തിൽ ഉപയോഗിച്ചത്. അനുഭൂതി പ്രധാനമായി രചന നടത്തേണ്ടിവരുമ്പോൾ നാടോടിഭാഷയുടെ ആഖ്യാനമാതൃകകൾ ഏറെ പ്രയോജനപ്പെട്ടും. ചന്തുമേനോനും ബഷീറും എം.ടിയും കോവിലനും സക്കറിയയും ഇത്തരം സാദ്ധ്യതകൾ പിൽക്കാലത്ത് പ്രയോജനപ്പെടുത്തിയിട്ടുണ്ട്. പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ ഗദ്യശൈലി വിശകലനം ചെയ്യുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. ജോർജ്ജുമാത്തന്റെ ഗദ്യശൈലിയിൽ കോട്ടയം, പത്തനംതിട്ട പ്രദേശത്തെ മലയാളത്തിന്റെ ഊർജമാണ് പ്രകടമാകുന്നത്. വിഷയഭേദമനുസരിച്ച് ഭാഷാഭേദത്തിനുള്ളിൽത്തന്നെ വ്യത്യസ്തരീതികളുണ്ടാകും.

ഫ്രാൻസിസ് റോസ്, ക്ലമന്റ് പിയാനിയൂസ്, ഹെർമൻ ഗുണ്ടർട്ട്, ജോസഫ് പീറ്റ് തുടങ്ങിയവർ ഇവിടത്തെ ചില ഭാഷാഭേദങ്ങൾ പഠിച്ചെടുത്തു. ഉദാഹരണത്തിനു ഗുണ്ടർട്ടിന്റെ ഭാഷാശൈലി പ്രാചീന മലയാള കൃതികളുമായുണ്ടായ ഉറ്റ സമ്പർക്കത്തിൽനിന്നും രൂപപ്പെട്ടതാണ്. *ഗുണ്ടർട്ട് ബൈബിൾ* പരിശോധിച്ചാൽ ഇക്കാര്യം വെളിപ്പെടും. തന്റെ ഭാഷാപഠനത്തിൽ ക്രൈസ്തവ രചനകൾ ഉപയോഗിക്കുകയില്ല എന്ന ശാഠ്യംപോലും ഗുണ്ടർട്ടിനുണ്ടായിരുന്നു. ക്ലമന്റ് പിയാനിയൂസിന്റെ ഭാഷ കൊച്ചിയിലും പരിസരത്തുമുണ്ടായിരുന്ന ഭാഷയുടെ പരിഷ്കരിച്ച പതിപ്പാണ്. സാധാരണക്കാരുടെ ഭാഷയിൽ പാശ്ചാത്യ ക്രൈസ്തവ വേദചിന്ത സംക്രമിപ്പിച്ചവതരിപ്പിക്കാനാണ് പിയാനിയൂസ് ശ്രമിച്ചത്. റോമൻ കത്തോലിക്കാ സഭയുടെ വേദോപദേശം നാട്ടുകാരുടെ മലയാളത്തിൽ അവതരിപ്പിക്കാനുള്ള ശ്രമം *സംക്ഷേപവേദാർത്ഥത്തിൽ* കാണാം.

ഇതുയും വിസ്തരിച്ചത് മിഷണറിഗദ്യത്തെ ഒരു വൈദേശിക ഉല്പന്നമായി കാണുന്ന അലസധാരണയെ ചോദ്യം ചെയ്യാനാണ്. പാശ്ചാത്യ ഉല്പന്നം എന്നു വിശേഷിപ്പിച്ചുകൊണ്ടുകിലും മിഷണറിഗദ്യത്തിൽ പാശ്ചാത്യ സ്വാധീനം ഉണ്ടെന്നു പറയണം. ആശയാവലികളിലാണ് പാശ്ചാത്യഘടകങ്ങൾ ഏറെയുള്ളത്. ക്രിസ്തുമതത്തോളംതന്നെ പഴക്കമുള്ള ഒരു ക്രൈസ്തവ സമൂഹം കേരളത്തിൽ ഉണ്ടായിരുന്നെങ്കിലും, അവരെ യഥാർത്ഥ ക്രിസ്ത്യാനികളായി അംഗീകരിക്കാൻ വിദേശമിഷണറിമാർക്കു കഴിഞ്ഞില്ല. പോർത്തുഗലിൽനിന്ന് എത്തിയ കത്തോലിക്കാ മിഷണറിമാരും ഇംഗ്ലണ്ടിൽനിന്ന് എത്തിയ പ്രോട്ടസ്റ്റന്റ് മിഷണറിമാരും കേരളത്തിലെ പരമ്പരാഗത ക്രൈസ്തവരെ (നസ്രാണികളെ/ സുറിയാനിക്കാരെ) 'ലക്ഷണമൊത്ത ക്രൈസ്തവരാക്കാൻ' നടത്തിയ സംഘടിത ശ്രമങ്ങൾ ചരിത്രസംഭവങ്ങളാണ്. *ഉദയമ്പേരൂർ സൂനഹദോസ്* പോലുള്ള മതമഹാസമ്മേളനങ്ങൾ, പാശ്ചാത്യമാതൃകയിലുള്ള വൈദികപരിശീലന കേന്ദ്രങ്ങൾ (സെമിനാരികൾ), പാശ്ചാത്യരീതിയിലുള്ള ആരാധനക്രമം, മതഭരണക്രമം, വേദവിജ്ഞാനം, നിയമാവലികൾ എന്നിവയിലൂടെ പാശ്ചാത്യ ആശയാവലികൾ മലയാളത്തിലേക്കു സംക്രമിച്ചു. പക്ഷേ, അവ പകർന്നുകിട്ടിയത് മലയാളിയുടെ മലയാളത്തിലൂടെയാണ്. പുതിയ ആശയാവലികൾ മലയാളഗദ്യ

ത്തിന്റെ ചിട്ടകളിൽ മാറ്റങ്ങൾ ഉണ്ടാക്കി. ഭാഷയുടെ സാദ്ധ്യതകൾതന്നെ പ്രയോജനപ്പെടുത്തിയാണ് ആശയസംക്രമണം സാദ്ധ്യമാക്കിയത്. ഇതു മിഷണറി ഗദ്യത്തെ മലയാളഗദ്യത്തിന്റെ ഒരു ജൈവഘടകമാക്കി നിലനിറുത്തി. പാശ്ചാത്യസമ്പർക്കവും ആശയസംക്രമണവും ഇന്നു സമസ്തവ്യവഹാരമണ്ഡലങ്ങളിലേക്കും വ്യാപിച്ചിരിക്കുന്നു. പാശ്ചാത്യീകരണം=പരിഷ്കാരം= പുരോഗതി എന്നൊരു സമവാക്യം രൂപപ്പെട്ടിരിക്കുന്നു. ശൃംഖലപ്രവർത്തനം (networking) പ്രായോഗിക ജീവിതത്തിൽ ഈ തത്ത്വം ഉറപ്പിക്കുകയാണ്. ബഹുജനസമ്പർക്ക മാധ്യമങ്ങളും ശാസ്ത്രവിദ്യാഭ്യാസവും പുതിയ ഇൻഫർമേഷൻ തരംഗവും മലയാളത്തെ പാശ്ചാത്യ ആശയലോകവുമായി മുറുക്കിക്കെട്ടുന്നു. ഭാഷയിലേക്കു കൂടുതൽ പരകീയപദങ്ങൾ കടന്നുവരുകയാണ്. ഉച്ചാരണരീതികൾ മാറുന്നു. വാക്യഘടനയിൽപോലും വ്യതിയാനങ്ങളുണ്ടാകുന്നു. ഇത്തരം ചലനങ്ങളെ ഭാഷാ മലിനീകരണം എന്നു ചിലർ വിശേഷിപ്പിക്കാറുണ്ട്. മറ്റുചിലർക്ക് ഇതു ഭാഷയുടെ വളർച്ചയാണ്. തുടക്കത്തിൽ സംസ്കൃതത്തിൽനിന്നും പിന്നെ അറബി, പോർത്തുഗീസ് തുടങ്ങിയവയിൽനിന്നും ഏറ്റവും ഒടുവിൽ ഇംഗ്ലീഷിൽനിന്നും കണക്കുവയ്ക്കാതെ വാക്കുകൾ കടംകൊള്ളുന്ന മലയാളിയുടെ ഭാഷാനയത്തിൽ മാറ്റമൊന്നും സംഭവിച്ചിട്ടില്ല. ആശയങ്ങൾ പുനരവതരിപ്പിക്കാൻ ഭാഷയുടെ സാദ്ധ്യതകൾ-കടംകൊള്ളാനുള്ള സാദ്ധ്യതയും അതിൽ ഉൾപ്പെടും-മലയാളി പരമാവധി പ്രയോജനപ്പെടുത്തുന്നു. ഇത് മിഷണറിമലയാളത്തിന്റെയും സവിശേഷതയാണ്.

പാരമ്പര്യത്തെക്കുറിച്ചുള്ള സമകാലിക സങ്കല്പം ഇവിടെ ഓർമ്മിക്കേണ്ടതുണ്ട്. പാരമ്പര്യം ഓരോ കാലഘട്ടവും നിർമ്മിച്ചെടുക്കുകയാണ്. അതതു കാലത്തെ ആശയാവലികളുടെയും കാഴ്ചശീലങ്ങളുടെയും അനുഭവങ്ങളുടെയും സാമൂഹികാവശ്യങ്ങളുടെയും പരിസരത്തിലാണ പാരമ്പര്യ നിർമ്മാണം നടക്കുന്നത്. ആഗോളവത്കരണത്തിന്റെ ഒത്തനടുവിൽ വിവരസാങ്കേതികവിദ്യയുടെ തരംഗങ്ങളിൽ സഞ്ചരിക്കുന്ന 'ആഗോള മലയാളി'യുടെ ഭാഷാപാരമ്പര്യം ഇന്ന് ഇവിടെനിന്ന പിന്നിലേക്കു നോക്കുമ്പോൾ മിഷണറിഗദ്യത്തിന്റെ ചരിത്രവുമായി ചേർന്നൊഴുകുന്നതായി കാണാം. വാമൊഴിയോടു പൊരുത്തപ്പെടുന്ന വരമൊഴി, പുതിയ ആശയാവലികൾക്കൊത്തു സ്വന്തം പദനിർമ്മാണശേഷി വളർത്തിയെടുക്കാനുള്ള സാഹസിക ശ്രമങ്ങൾ, നിയന്ത്രണംവിട്ടു കടന്നുകയറിവരുന്ന വൈദേശികപദങ്ങൾ, ഉള്ളടക്കത്തിനനുസരിച്ച് ഭാഷയിലുണ്ടാകുന്ന അസുഖകരമായ വൈവിധ്യം, അച്ചടി, പത്രമാസികകൾ തുടങ്ങിയവയുടെ സഹായത്തോടെ പുതുമകൾക്കുണ്ടാകുന്ന വമ്പിച്ച പ്രചാരം എന്നിവയെല്ലാം മിഷണറിഗദ്യത്തിന്റെ സവിശേഷതകളായി മലയാളപാരമ്പര്യത്തിൽ തെളിഞ്ഞുകാണാം. ഇന്നു ബഹുജനസമ്പർക്കമാധ്യമങ്ങൾ, വിശിഷ്യാ ഇലക്ട്രോണിക് മാധ്യമങ്ങൾ ഭാഷയിൽ സൃഷ്ടിക്കുന്ന കലാപവുമായി ബന്ധപ്പെടുത്തിവേണം മിഷണറിഗദ്യത്തിന്റെ ഈ സവിശേഷതകളെ മനസ്സിലാക്കാനും വ്യാഖ്യാനിക്കാനും. ഇതാണു

പാരമ്പര്യവത്കരണത്തെ (traditionalisation)കുറിച്ചുള്ള സമകാലികധാരണകൾ നല്കുന്ന പുതിയ തിരിച്ചറിവ്. മലയാളത്തിന്റെ സമകാലികാവസ്ഥ ചരിത്രാത്മകമായി മനസ്സിലാക്കാൻ മിഷണറി മലയാളഗദ്യപഠനം ഇവിടെ പ്രയോജനപ്പെടുന്നു.

ഇന്നത്തെ നിലയിൽ നോക്കുമ്പോൾ മലയാള മിഷണറിഗദ്യത്തിന്റെ ചരിത്രധർമ്മങ്ങൾ താഴെപ്പറയുന്നവയാണ്.

1. വൈദേശിക ആശയാവലികൾ അവതരിപ്പിക്കാൻ ഭാഷയുടെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി.

2. വാമൊഴിയോടു ചേർന്നുപോകുന്ന വരമൊഴിയിലൂടെ വിശിഷ്ടാശയങ്ങൾ പകർന്നുകൊടുത്തു. നിലവാരപ്പെട്ടതെന്നു വിദ്വാന്മാർ കരുതാത്ത പദങ്ങളും ശൈലികളും വരമൊഴിയിൽ സംക്രമിപ്പിച്ച് മാനകഭാഷയിൽ അലങ്കോലമുണ്ടാക്കി, ഭാഷാകലാപംതന്നെ.

3. പറച്ചിലിന്റെ ഭംഗിയേക്കാൾ പറയുന്ന കാര്യത്തിന്റെ കൃത്യതയിലും വ്യക്തതയിലും ശ്രദ്ധപതിഞ്ഞു. പാശ്ചാത്യസമ്പർക്കത്തിനുമുമ്പുള്ള ഗദ്യകൃതികളിൽ പൊതുവേ പറച്ചിലിന്റെ ഭംഗിയിൽ ശ്രദ്ധയേറും. *ബ്രഹ്മാണ്ഡപുരാണം, അംബരീഷോപാഖ്യാനം, ദൂതവാക്യം* തുടങ്ങിയ കൃതികൾ ഉദാഹരണങ്ങളാണ്. ശാസനഗദ്യം ഔപചാരികവ്യവഹാരത്തിന്റെ ചിട്ടവട്ടങ്ങളിൽ ഞെരുങ്ങി നില്ക്കുന്നു. *ഭാഷാകൗടലീയം* ശ്രദ്ധേയമായ അപവാദമാണ്. *ആട്ടപ്രകാരം, ക്രമദീപിക* തുടങ്ങിയവയിലെ ഭാഷാശൈലികൾ എത്രത്തോളം പഴക്കമുണ്ടെന്നു തിട്ടപ്പെടുത്താനും കഴിയുന്നില്ല. മിഷണറി ഗദ്യം കൃത്യമായി കാലനിർണ്ണയനം ചെയ്യാം; അതിലെ സന്ദേശം കൃത്യവും വ്യക്തവുമാക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്.

4. ഗദ്യരചന ഭാഷാവ്യവഹാരത്തിലെ മുഖ്യധാരയായി മാറുന്നതു മിഷണറി ഗദ്യത്തിലൂടെയാണ്. മലയാളികളെല്ലാം മലയാളഗദ്യം സംസാരിച്ചിരുന്നെങ്കിലും അതു ഗൗരവമേറിയ സംവേദനമാധ്യമമെന്നനിലയിൽ സമൂഹരൂപീകരണത്തിനു ബോധപൂർവ്വം ഉപയോഗിച്ചതു മിഷണറിമാരാണ്. ഇന്നു മലയാളത്തിൽ പ്രചാരണമാധ്യമം എന്ന നിലയിൽ മലയാളഗദ്യത്തിനുള്ള പദവി മിഷണറി സംരംഭങ്ങളുമായി ബന്ധപ്പെടുത്തി മനസ്സിലാക്കണം. സംവേദനസമൂഹം (communication society) - സമൂഹം സംവേദനത്തിലൂടെ രൂപപ്പെടുന്നു, പുലരുന്നു, വികസിക്കുന്നു- എന്ന സങ്കല്പം ഇന്നു കേരളമാതൃകയിലൂടെ വിശദമായിത്തീർന്നിട്ടുമുണ്ട്. ആ വഴിക്കു മലയാളഗദ്യം വികസിച്ചതു മിഷണറിമാരുടെ ആ കാലത്താണ്.

5. മിഷണറിമാർ ഗദ്യപരിണാമത്തിൽ വഹിച്ച പങ്കിനെ പാശ്ചാത്യസ്വാധീനമായി കണക്കാക്കാം. പാശ്ചാത്യനാടുകളിൽനിന്നുവന്ന മിഷണറിമാരും അവരുടെ സമ്പർക്കത്തിൽ പാശ്ചാത്യമാതൃകകൾ പരിചയിച്ച നാട്ടുകാരായ ക്രിസ്തുമത പ്രചാരകരും പാശ്ചാത്യപരിഷ്കൃതികൾ ഭാഷാഗദ്യത്തിലൂടെ പ്രകാശിപ്പിച്ചു. ഉള്ളടക്കത്തിലും ആഖ്യാനമാതൃകയിലും ഭാഷാശൈലിയിലുമുണ്ടായ പാശ്ചാത്യസമ്പർക്കം മലയാളഗദ്യത്തെ ഔപചാ

രികസംവേദനത്തിന്റെ ശക്തമായ മാധ്യമമാക്കിമാറ്റി. ഇംഗ്ലീഷുകാരുടെ കാലത്തു് പത്രമാസികകൾ, പാഠപുസ്തകങ്ങൾ എന്നിവയിലൂടെ ഈ പാശ്ചാത്യപരിഷ്കൃതികൾ പൊതുസമൂഹത്തിലേക്കു സംക്രമിച്ചു. അവിടം മുതൽ മിഷണറി മലയാള ഗദ്യം ചില്ലറ പരിഷ്കാരങ്ങളോടുകൂടിയാണെങ്കിലും പൗരസമൂഹത്തിന്റെ (civil society) സാംസ്കാരികവ്യവഹാരരൂപമായി വളർന്നു. ചന്ദുമേനോന്റെ നോവലുകൾ, മലയാള പത്രമാസികകൾ, പാഠപുസ്തകങ്ങൾ എന്നിവയിലൂടെയാണു് ഇങ്ങനെയൊരു പരിണാമം സംഭവിച്ചതു്. നാട്ടാരുടെ വാമൊഴിയുമായുണ്ടായിരുന്ന ഉറ്റബന്ധം മിഷണറി ഗദ്യത്തിനു വ്യാപകമായ പ്രചാരം നേടിക്കൊടുത്തു. നാട്ടാരുടെ ഭാഷ നാട്ടുഭാഷയായി പ്രചരിച്ചു. പദ്യത്തിന്റെ വാലിൽ തൂങ്ങിനടന്നിരുന്ന വരേണ്യഗദ്യം ദുർബലമായിത്തീർന്നു.

മിഷണറിഗദ്യത്തിന്റെ വളർച്ചയിലെ നാഴികക്കല്ലുകൾ എന്നു വിശേഷിപ്പിക്കാവുന്ന മൂന്നു കൃതികൾ ഇവിടെ പരിചയപ്പെടുത്താം. മിഷണറിഗദ്യം കാര്യക്ഷമമായി പ്രവർത്തിച്ചു തുടങ്ങിയതു് *ഉദയമ്പേരൂർ സൂനഹദോസി*ന്റെ കാനോനകളിലാണ്. 1599-ൽ ഉദയമ്പേരൂരിൽ നടന്ന മതമഹാസമ്മേളനത്തിന്റെ യോഗനടപടിപ്പുസ്തകമാണു് ഇതു്. കാനോനകൾ മലയാളത്തിൽ എഴുതിത്തയ്യാറാക്കിയതു് കേരളീയരായ പുരോഹിതരാണ്. അവരുടെ പ്രവർത്തനങ്ങൾക്കു വിദേശിയും മലയാള ഭാഷാപണ്ഡിതനുമായിരുന്ന ഫ്രാൻസീസ് റോസ് നേതൃത്വം നല്കി. സൂനഹദോസിലെ ഔദ്യോഗിക തർജമക്കാരൻ പള്ളരുത്തി പള്ളിയിലെ യാക്കോബ് കത്തനാരായിരുന്നു. കാനോനകളുടെ മലയാളം പകർപ്പിലാണു ബന്ധപ്പെട്ടവർ ഒപ്പുവച്ചതു്. ഇതിന്റെ പകർപ്പുകൾ നസ്രാണികളുടെ പള്ളികളിലെല്ലാം സൂക്ഷിക്കണമെന്നും ഞായറാഴ്ചതോറും വായിക്കണമെന്നും വ്യവസ്ഥചെയ്തിരുന്നു. മലയാളികൾക്കു സുഗ്രഹമാകത്തക്കവണ്ണം മലയാളികൾതന്നെ ഒരുക്കിയ യോഗനടപടിപ്പുസ്തകം എന്നു കാനോനകളെ വിശേഷിപ്പിക്കാം. എന്നാൽ ഇതിലെ ആശയാവലികളിൽ സിംഹഭാഗവും കേരള ക്രിസ്ത്യാനികൾക്കു തികച്ചും അപരിചിതവും പാശ്ചാത്യ പാരമ്പര്യത്തിൽനിന്നു കടംകൊണ്ടവയുമാണ്.

കൂമ്പസാരത്തെക്കുറിച്ചുള്ള പതിമ്മൂന്നാം കാനോന നോക്കുക:

"കൂമ്പസാരത്തിന്റെ ക്രമദാശ ആയ വചനം ഒരുത്തരുടെ പെഴമൂളാതെ അവരുടെ മേൽ ആ വചനം ചൊല്ലുന്നത വലിയ ചാവദൊഷം ആയതിനെക്കൊണ്ട ക്ലെശക്കാരുടെമെൽ പട്ടക്കാരുടെ ഗ്രുമ ചൈയ്യുമ്പോൾ ഏവൻ ഗൊലിയൊനിലെയും മറ്റ നല്ല ശ്രുദ്ധമാന വചനങ്ങളുടെ ഗ്രുമാ ചൈയ്തെ ആവു. കൂമ്പസാരത്തിന്റെ വചനം ചൊല്ലരുത."

പുരോഹിതന്റെ ചെവിയിൽ തെറ്റുകൾ ഏറ്റുപറഞ്ഞു നടത്തുന്ന കൂമ്പസാരം എന്ന ചടങ്ങു് നസ്രാണികൾക്കു് അപരിചിതമായിരുന്നു. ആ ചടങ്ങിന്റെ നൈയാമികവും അനുഷ്ഠാനപരവുമായ വിശദാംശങ്ങൾ പാശ്ചാത്യ

ക്രൈസ്തവപാരമ്പര്യത്തിന്റെ പശ്ചാത്തലത്തിൽ രൂപപ്പെട്ടതാണ്. എന്നാൽ അത്തരം അറിവുകളെല്ലാം ഒറ്റയടിക്കു മലയാളത്തിലേക്കു കടത്തിവിടുകയാണ് കാനോനയിൽ. പാശ്ചാത്യ ആശയാവലികൾകൊണ്ടു വീർപ്പുമുട്ടുന്ന മലയാളഗദ്യം ഇന്നത്തെ ഭാഷാനുഭവത്തിന്റെ ഭാഗമാണ്. ഈ പ്രവണത മിഷണറിഗദ്യത്തിൽ കാണാം. *സംക്ഷേപവേദാർത്ഥത്തിലും* ഇത്തരം ഭാഗങ്ങളുണ്ട്. പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ കൃതിയായ *വർത്തമാനപ്പുസ്തകം* മതകാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ ഇത്തരത്തിൽ വീർപ്പുമുട്ടുന്നതായി വായനക്കാരന് അനുഭവപ്പെടും. ഉള്ളടക്കത്തിലുണ്ടാകുന്ന പുതുമ ഭാഷയിൽ ചെലുത്തുന്ന സമ്മർദ്ദമായി വേണം ഈ സവിശേഷതയെ വിലയിരുത്താൻ.

ക്ലമന്റ് പിയാനിയൂസിന്റെ *സംക്ഷേപവേദാർത്ഥം* അച്ചടിയിലെത്തിയ പ്രഥമ മലയാള ഗ്രന്ഥമാണ്. 1772ൽ റോമിലെ ബഹുഭാഷാ പ്രസിൽ 1128 അച്ചുകൾ ഉപയോഗിച്ച് *സംക്ഷേപവേദാർത്ഥം* അച്ചടിച്ചു. ഇതേ അച്ചടിശാലയിൽനിന്ന് മലയാള ലിപിമാലയെക്കുറിച്ച് ഒരു പഠനഗ്രന്ഥവും പ്രസിദ്ധീകരിച്ചിട്ടുണ്ട് - *ALPHABETUM Grandonico - Malabaricum Siva Samscrudonicum.* അതിന്റെ പ്രസാധനത്തിലും പിയാനിയൂസ് പങ്കെടുത്തു. ചതുരവടിവിലുള്ള അക്ഷരമാണ് ഈ ഗ്രന്ഥങ്ങളിൽ ഉപയോഗിച്ചിരിക്കുന്നത്.

ഉള്ളടക്കം, ക്രൈസ്തവ മതതത്ത്വങ്ങളും പ്രാർത്ഥനകളുമാണ്, പാശ്ചാത്യ കത്തോലിക്കാ മതതത്ത്വങ്ങൾ. വേദോപദേശം എന്ന വ്യവഹാര മാതൃകയിലുള്ള രചനയാണ് *സംക്ഷേപവേദാർത്ഥം*. ചോദ്യോത്തര മാതൃക എന്ന് ഇതിനെ വിശേഷിപ്പിക്കാം. ജ്ഞാനിയായ ഗുരുവും വിനീതനായ ശിഷ്യനും തമ്മിലുള്ള സംസാരം:

ഗുരു: 'കുമ്പസാരിപ്പാൻ അണയുന്നവരെല്ലാവർക്കും ദോഷങ്ങളുടെ പൊറുതി കിട്ടുമൊ.

ശിഷ്യൻ: എല്ലാവർക്കുമല്ലാ, നല്ലവണ്ണം കുമ്പസാരിക്കുന്നവർക്കത്രെ, (എട്ടാം കാണ്ഡം)

പില്ക്കാലത്ത് ലൂഥറിന്റെ വേദോപദേശവും മറ്റും പ്രോട്ടസ്റ്റന്റ് മിഷണറിമാർ മലയാളത്തിൽ അവതരിപ്പിക്കുകയുണ്ടായി. മിഷണറി മലയാള ഗദ്യത്തിലെ ഒരു സവിശേഷ ആഖ്യാനമാതൃകയാണ് വേദോപദേശം. സംഭാഷണരൂപത്തിലുള്ള *നളചരിത* സാരശോധനപോലുള്ള കൃതികളിൽ കുറേക്കൂടി അയവുള്ള ഘടനയും സംവാദാത്മക ചൈതന്യവും കാണാം. ചെറിയ വാക്യങ്ങളിൽ തീർച്ചയും മൂർച്ചയുമുള്ള കാര്യങ്ങൾ പറയുന്ന ശൈലി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഉപപാദനത്തിന്റെ കെട്ടുറപ്പ് വർധിപ്പിക്കാൻ ചോദ്യോത്തരരൂപം സഹായിക്കുന്നുമുണ്ട്.

മലയാള ഗദ്യചരിത്രത്തിൽ *വർത്തമാനപ്പുസ്തകത്തിനുള്ള* പ്രാധാന്യം പ്രൊഫ.എൻ.കൃഷ്ണപിള്ള ഒറ്റവാക്യത്തിൽ വ്യക്തമാക്കുന്നു: 'ഗ്രന്ഥകാരന്റെ

ചൈതന്യം വ്യക്തമായി പ്രതിഫലിപ്പിക്കുന്ന ശൈലി ആദ്യമായി മലയാള ഗദ്യത്തിൽ കാണുന്നത് വർത്തമാനപ്പുസ്തകം വായിക്കുമ്പോഴാണ് (കൈരളിയുടെ കഥ 1975:243)

ഇവിടെ ഭാഷാരചന സാഹിത്യരചനയായി ഉയരുന്നതെങ്ങനെ എന്നാണ് പ്രൊഫ:കൃഷ്ണപിള്ള സൂചിപ്പിക്കുന്നത്. കരിയാറ്റിൽ മല്പാനോടൊപ്പം പോർത്തുഗലിലേക്കും അവിടെനിന്നു റോമിലേക്കും യാത്രചെയ്ത തോമ്മാക്കത്തനാരുടെ *വർത്തമാനപ്പുസ്തകം* ദേശാഭിമാനവും ജാത്യാഭിമാനവുംകൊണ്ട് വികാരോജ്ജ്വലമായിത്തീരുന്നു. ഇന്ന് കോളണിയനന്തരഘട്ടത്തിൽ പാശ്ചാത്യമേൽക്കോയ്മയെക്കുറിച്ചു പണ്ഡിതന്മാർ പറഞ്ഞുകേൾക്കാറുള്ള കാര്യങ്ങൾ ഏറെ ഭാവതീവ്രതയോടെ *വർത്തമാനപ്പുസ്തകത്തിൽ* രേഖപ്പെടുത്തിക്കാണാം. മതപരമായ ഇടപെടലുകളിലെ വംശീയതയും പക്ഷപാതങ്ങളും തിരിച്ചറിഞ്ഞു സാഹിതീയമായി പ്രതികരിച്ചു എന്നതാണ് പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ സവിശേഷത.

ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകൾ, സംക്ഷേപവേദാർത്ഥം, വർത്തമാനപ്പുസ്തകം തുടങ്ങിയ ആദ്യകാല മിഷണറി ഗദ്യകൃതികൾ പരിശോധിക്കുമ്പോൾ തെളിഞ്ഞുവരുന്ന ചില പൊതു പ്രവണതകൾ ഇവിടെ രേഖപ്പെടുത്താം.

(ക) വ്യവഹാരഭാഷയുടെ ആത്മബലമാണ് മിഷണറിമാരുടെ ഗദ്യകൃതികൾ പ്രദർശിപ്പിക്കുന്നത്. അന്നത്തെ വ്യവഹാരഭാഷയിലുണ്ടായിരുന്ന സാമുദായിക പ്രാദേശിക ഭേദങ്ങൾ ഈ കൃതികളിൽ നിഴലിക്കുന്നു. പൊതുവേ പറഞ്ഞാൽ, മദ്ധ്യകേരളത്തിലെ വ്യവഹാരഭാഷയ്ക്കാണ് ഇവയിൽ മുൻതൂക്കം.

(ഖ) വ്യവഹാരഭാഷയിൽ എക്കാലത്തും ദ്രാവിഡപദങ്ങൾക്കാണല്ലോ പ്രാചുര്യം. സംസ്കൃതത്തിന്റെ ആധിപത്യത്തിൽനിന്നു മലയാളഗദ്യത്തെ മാന്യമായി സംരക്ഷിക്കാൻ മിഷണറിമാർക്കു കഴിഞ്ഞു. പ്രാചീനമലയാളത്തിൽ സുലഭമാണെങ്കിലും പില്ക്കാലത്ത് സംസ്കൃതത്തിനുവേണ്ടി വഴിമാറിക്കൊടുക്കേണ്ടിവന്ന അനേകം ദ്രാവിഡപദങ്ങൾ ഇവരുടെ ഗദ്യകൃതികളിൽ പ്രത്യക്ഷപ്പെടുന്നു. ദ്രാവിഡപദങ്ങളുടെ പ്രാചുര്യത്തെ 'തമിഴ്ച്ചുവ' എന്നും 'മാപ്പിളച്ചുവ' എന്നും മുദ്രകുത്തുന്നത് അശാസ്ത്രീയമാണ്.

(ഗ) വാക്യങ്ങളിൽ കർത്താവ്- കർമ്മം-ക്രിയ എന്ന ക്രമമാണ് പൊതുവേ കാണുന്നത്. ഹ്രസ്വവാക്യങ്ങൾക്കാണു പ്രാമുഖ്യം. ഈ പൊതുനയങ്ങൾക്ക് അപവാദങ്ങൾ എല്ലാ കൃതികളിലും കാണാം. പദക്രമത്തിന്റെ കാര്യത്തിൽ കടുത്ത നിർബന്ധങ്ങളില്ലാത്ത മലയാളഭാഷയുടെ വാക്യരചനാസാദ്ധ്യതകളെ പരമാവധി ഉപയോഗിച്ച് മിഷണറിമാർ വാക്യവൈചിത്ര്യം സൃഷ്ടിച്ചു.

(ഘ) പാശ്ചാത്യഭാഷകളുടെ സ്വാധീനം പ്രകടമാക്കുന്ന ചുരുക്കം ചില വാക്യങ്ങൾ ഈ കൃതികളിലുണ്ട്. മലയാളശൈലിക്കു നിരക്കാത്ത കർമ്മ

ണിപ്രയോഗങ്ങൾ ഇക്കൂട്ടത്തിൽപ്പെടും.

(ങ) ആധുനിക മലയാളത്തിലില്ലാത്തതും ചെറുശ്ശേരി, എഴുത്തച്ഛൻ തുടങ്ങിയ പ്രാചീന കവികളുടെ കൃതികളിൽ കാണുന്നതുമായ ചില വാക്യമാതൃകകൾ മിഷണറിമാർ ഉപയോഗിച്ചിട്ടുണ്ട്. 'നല്ല', 'ഞായം' എന്നിങ്ങനെയെല്ലാം അവസാനിക്കുന്ന വാക്യങ്ങൾ ഈ ഗണത്തിൽപ്പെടും.

(ച) സമുച്ചയപ്രയോഗത്തിൽ ക്രമഭംഗങ്ങളുണ്ട്. ദീർഘവാക്യങ്ങളിൽ ഇത്തരം സ്ഖലിതങ്ങൾ സാധാരണമാണ്.

(ഛ) ഇന്നത്തെ മലയാളത്തിൽ സാധാരണമായിരിക്കുന്ന നാമം, ക്രിയ തുടങ്ങിയവയുടെ പ്രകൃതികളെല്ലാം ഇവയിൽ പ്രത്യക്ഷപ്പെടുന്നു. സംസ്കൃത തദ്ഭവങ്ങൾ ഉപയോഗിക്കുന്നതിൽ അവർ അമിതതാല്പര്യമോ കടുത്ത വൈമുഖ്യമോ പ്രദർശിപ്പിച്ചിട്ടില്ല. സാധാരണ മലയാളികൾക്കു തീർത്തും അപരിചിതങ്ങളായ സംസ്കൃതപദങ്ങൾ ഈ കൃതികളിൽ ഇല്ലെന്നുതന്നെ പറയാം.

(ജ) മാർത്തോമ്മാ ക്രിസ്ത്യാനികളുടെ മതഭാഷയിൽ സുലഭമായ സുറിയാനിപ്പദങ്ങൾ ധാരാളം ഉപയോഗിച്ചിട്ടുണ്ട്. സാധ്യമാകുന്നിടത്തോളം മലയാളപദങ്ങൾ സ്വീകരിക്കുക; കൂടിയേ തീരൂ എന്നു വരുമ്പോൾ സംസ്കൃതം, സുറിയാനി, പോർത്തുഗീസ്, ലത്തീൻ എന്നീ ഭാഷകളിൽനിന്നു കടംകൊള്ളുക- ഇതായിരുന്നു അവരുടെ ആദാനനയം. ക്രൈസ്തവമതസിദ്ധാന്തങ്ങളും അനുഷ്ഠാനങ്ങളും, ഭരണക്രമങ്ങളും, പാശ്ചാത്യസമ്പ്രദായങ്ങളും സൂചിപ്പിക്കാൻ ഉചിതമായ മലയാളപദങ്ങൾ ലഭിക്കാതെ വരുമ്പോൾ മാത്രം അന്യഭാഷാപദങ്ങൾ കടംകൊള്ളുന്നു. ഏഴു ക്രദാശകളുടെ പേരുകൾ പരിശോധിച്ചാൽ ഈ തത്ത്വം വെളിവാകും. പട്ടവും പെൺകെട്ടും മലയാളപദങ്ങൾ, മാമ്മോദീസയും കർബാനയും സുറിയാനിപ്പദങ്ങൾ, മുമ്പിലത്തെ ഒപ്രൂമയും ഒട്ടക്കത്തെ ഒപ്രൂമയും സങ്കരപദങ്ങൾ (മലയാളം+സുറിയാനി), കുമ്പസാരം പോർത്തുഗീസ് പദം, പിഴമൂളുക എന്ന മലയാളപദം കുമ്പസാരത്തിനു പകരം വിരളമായി ഉപയോഗിച്ചുകാണുന്നു.

(ഝ) ഭാഷയുടെ സമസ്തപദനിർമാണശേഷി മിഷണറിമാർ പരമാവധി പ്രയോജനപ്പെടുത്തി. 'പൊരുൾപടാർത്ത', 'പറഞ്ഞൊപ്പ്', 'മൊഴിതികയ്യൽ', 'ഉടയതമ്പുരാൻ', 'ഇരപ്പനമസ്കാരം', 'കൈയാളിക്കുക', 'ചമയപ്പുര', 'ചാവദോഷം' തുടങ്ങിയവ ഉത്തമോദാഹരണങ്ങൾ.

(ഞ) ക്രൈസ്തവരുടെ മതഭാഷയിൽ സവിശേഷാർത്ഥമുള്ള ഏതാനും മലയാളപദങ്ങൾ ഈ ഗദ്യകൃതികളിലുണ്ട്. തേറുക (=പശ്ചാത്തപിക്കുക), ഉപവി (=charity), കെട്ടുപാട് (=ബന്ധം), ഒരിമ്പാട് (=communion), കരുന്തല (=generation) തുടങ്ങിയവ ഉദാഹരണങ്ങളാണ്.

(ട) അച്ചടിയും പത്രങ്ങളും നിലവിലില്ലാതിരുന്ന കാലത്തു രചിക്കപ്പെട്ട ഈ കൃതികളിൽ ലിപ്യങ്കനത്തിന്റെ കാര്യത്തിൽ തികഞ്ഞ ഐകരൂപ്യമില്ല. ഓരോ പദവും എങ്ങനെ എഴുതണം എന്നതിനെക്കുറിച്ചു സർവസമ്മ

തമായ വഴക്കങ്ങൾ അന്ന് ഉരുത്തിരിഞ്ഞിരുന്നില്ല. പൊതുവേ കാണുന്നത് ഉച്ചാരണത്തോടു വിശ്വസ്തത പുലർത്തുന്ന ലിപികളാണ്.

വ്യവഹാരഭാഷയോടുള്ള ഉറ്റസമ്പർക്കം നിമിത്തം വർണപരിണാമം സംഭവിച്ച നിരവധി പദങ്ങൾ ഈ ഗദ്യകൃതികളിൽ കാണാം.

ഉദാ:

അവിടെ- ഔടെ
ചവുട്ടാതെ-ചൌട്ടാതെ
ഉപകാരം- ഒപകാരം
ഹോമം- ഓമം
പദവി-പതവി
ദർശനം- ദരിശനം
ഏൽക്കുക- ഏക്കുക
ശവം- ചവം
ചരട- ശരട

(o) പട്ടക്കാരർ, പള്ളിക്കാറർ എന്നിങ്ങനെ ബഹുവചനം 'ഇരട്ടിച്ചു,' പ്രയോഗിക്കാറുണ്ട്. വ്യാകരണ ദൃഷ്യാ പരിശോധിച്ചാൽ ഈ രൂപങ്ങൾ ക്കാണസാധുത. എന്നാൽ, പ്രയോഗബലംകൊണ്ട് പട്ടക്കാർ,പള്ളിക്കാർ എന്നീ രൂപങ്ങൾ ഇന്ന് അംഗീകാരം നേടിയിരിക്കുന്നു.

(ഡ) വികല്പനിപാതത്തിനു പകരം 'എങ്കിൽ' , 'താൻ' ഇവ ചേർക്കുന്നു.

'എല്ലാവരുംകൂടെ ചൊല്ലെണ്ടുന്നതിനെ ഇരുവരതാൻ മുവരതാൻ നാല രതാൻ ചൊല്ലിയാൽ മതി.'

'കടം വീട്ടാഞ്ഞിട്ട എങ്കിലും ആർക്കാനും ചെതം വരുത്തീട്ട എങ്കിലും മഹരൊൻ ഏറ്റ ഇരിക്കുന്ന ക്ലെശക്കാരൻ.'

(ഢ) വിധായകാനുജ്ഞായകങ്ങളിലും മറ്റും അനുപ്രയോഗധാതുവിനെ വേർതിരിച്ചു പ്രയോഗിക്കുമ്പോൾ പ്രാക് പ്രയോഗധാതുവിനോടു് 'ഉം' ചേർത്തു കാണുന്നു.

മുക്കുകയും വേണം
മുക്കുകയും ആം
മുക്കുകയും അരുതു്.

(ണ) സംയോജക ക്രിയ (Copula Verb) യുടെ ഉപയോഗം കൂടുത ലാണ്. പാശ്ചാത്യസ്വാധീനത്തിന്റെ ലക്ഷണമായി ഇതിനെ കണ ക്കാക്കാം. *വർത്തമാനപുസ്തകത്തിൽ* ഇത്തരം പ്രയോഗങ്ങൾ സുലഭമായി കാണുന്നു.

മിഷണറി ഗദ്യത്തെക്കുറിച്ചു ഡോ.സാമുവേൽ ചന്ദനപ്പള്ളി, ഡോ.എം. ലീലാവതി, പ്രൊഫ.സി.എൽ.ആന്റണി തുടങ്ങിയവർ നടത്തിയിട്ടുള്ള പഠ നങ്ങൾ ശ്രദ്ധേയങ്ങളാണ്. ഡോ.പി.ജെ തോമസിന്റെ *മലയാളസാഹി ത്യവും ക്രിസ്ത്യാനികളും*, ഡിസിബി പതിപ്പിൽ ചേർത്തിരിക്കുന്ന ചർച്ചയും

പൂരണവും പുറം 311-540, *ഉദയമ്പേരൂർ സൂനഹദോസിന്റെ കാനോനകൾ* ഉപോദ്ഘാതം പുറം 1-99 എന്നിവിടങ്ങളിൽ ഈ ലേഖകന്റെ പഠനങ്ങൾ കാണാം.

പാശ്ചാത്യമിഷണറിമാരും അവരുടെ മാർഗ്ഗദർശനം ലഭിച്ച നാട്ടുകാരും രചിച്ച കൃതികളെ മൊത്തത്തിൽ മിഷണറി മലയാളം എന്നു വിശേഷിപ്പിക്കുന്നതിന്റെ യുക്തി ഇതുവരെയുള്ള വിവരണത്തിൽനിന്നു വ്യക്തമായിരിക്കുമല്ലോ. മലയാളഗദ്യം നിലവാരപ്പെട്ടു തുടങ്ങുന്ന ഘട്ടമാണ് പ്രാചീന മിഷണറിഗദ്യകൃതികളിൽ കാണുന്നത്. ഗദ്യത്തിന്റെ ശക്തീകരണം സാംസ്കാരിക ചരിത്രത്തിലെ മഹാസംഭവമാണ്. ആധുനികീകരണത്തിന്റെ തുടക്കം കുറിയ്ക്കുന്ന വ്യവഹാരഭാഷാപ്രതിപത്തി, പറച്ചിലിനേക്കാൾ പറയുന്നതിനു ലഭിക്കുന്ന പ്രാധാന്യം, ആശയനിഷ്ഠമായി ഭാഷയിലുണ്ടാകുന്ന വ്യവഹാരമാതൃകകൾ, വിജ്ഞേയത, ചിഹ്നനം, വിഷയങ്ങൾ ഖണ്ഡങ്ങളായും ഉപഖണ്ഡങ്ങളായും വേർതിരിച്ചു വിഷയാനുക്രമണികയനുസരിച്ച് അവതരിപ്പിക്കുന്ന സമ്പ്രദായം എന്നിവയെല്ലാം ആദ്യകാല മിഷണറിഗദ്യകൃതികളുടെ മുദ്രകളാണ്.